**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3570

20.10.2016-ൽ മറുപടിയ്ക്ക്

**വഴിക്കടവ്-നാട്ടുകാണി-മഞ്ചേരി-പരപ്പനങ്ങാടി ഹൈവേയുടെ പ്രവൃത്തി**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) വഴിക്കടവ് - നാട്ടുകാണി - മഞ്ചേരി - പരപ്പനങ്ങാടി ഹൈവേയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | വഴിക്കടവ് - നാട്ടുകാണി - മഞ്ചേരി - പരപ്പനങ്ങാടി ഹൈവേയുടെ ഓട, കൾവർട്ട്, പാർശ്വഭിത്തി എന്നീ പ്രവൃത്തികളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി, മടപ്പള്ളി പി.ഒ. എന്ന സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നേരിട്ട് നൽകുകയും, കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) കരാറിൽ ഏർപ്പെട്ട കമ്പനി പ്രസ്തുത പ്രവൃത്തിയിൽ നിന്നും പിൻമാറി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധിയായ 03.03.2019 നുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ